2023 ജൂലൈ - ആഗസ്റ്റ്

# ക്രിസ്തീയ സോദരി



പഠനം

## ബൈബിളിനെ അറിയാം

2 റാങ്കിന്റെ സുവർണ്ണത്തിളക്കം




കവർ ചിത്രം:
അക്സ ആൻ നെൽസൺ


ക്രിസ്തീയ
സോദരി

**ദ്വൈമാസിക**
ജൂലൈ - ആഗസ്റ്റ്
2023

എഡിറ്റർ:
ലൗലി ജോർജ്

അസ്സോസിയേറ്റ് എഡിറ്റേഴ്സ്:
ഡോ. ഗ്രെയ്സ് ജോൺസൻ
ഷൈനി അഭിലാഷ്
ജിൻസി ജിമ്മി


ഉപദേശക സമിതി:
ഫേബ ജേക്കബ്
മറിയാമ്മ അലക്സാണ്ടർ

സാങ്കേതിക സഹായം:
കിന്നെരെത്ത്മീഡിയ

www.**sodari.in**


## ഉൾത്താളുകളിൽ


# ബൈബിളിനെ അറിയാം




17












ദൈവത്തെ മറക്കാതിരിക്കാം 03
സമയത്തിന്റെ വില 05
ദൈവഹിതം വിലമതിച്ച ജേതാവ് 07
ദൈവ വചനത്തിന്റെ പ്രാധാന്യം 15
ഗുരുഭാഷ്യം 16
അഴകിൻ ഇരകസിയം 22








ക്രിസ്തീയ സോദരി



ലൗലി ജോർജ്

# ദൈവത്തെ മറക്കാതിരിക്കാം

"നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടല്ലോ തെറ്റിപ്പോകുന്നത്" (മർക്കോ:12:24). ദൈവവചനത്തിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്ന യേശുക്രിസ്തുവിന്റെ ഒരു പ്രസ്താവനയാണിത്. നമ്മുടെ കർത്താവായ യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ, യെഹൂദന്മാർ തന്നെ വാക്കിൽ കുടുക്കുവാൻ ധാരാളം ചോദ്യങ്ങൾ ചോദിച്ചിരുന്നു. യെഹൂദ ജാതിയിലെ വിവിധ വിഭാഗങ്ങളിലൊന്നായ സദൂക്യർ ചോദിക്കുന്ന ചോദ്യത്തിന് ക്രിസ്തു കൊടുക്കുന്ന മറുപടിയാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ക്രിസ്തുവിന് 260 വർഷം മുമ്പ് ജീവിച്ചിരുന്ന സാദോക്കിന്റെ പിൻതലമുറക്കാരാണ് സദൂക്യർ. വലിയ ദുരൂപദേശങ്ങൾ പഠിപ്പിച്ച ഇവർ, പരീശന്മാർ ഉൾപ്പെടെയുള്ള മറ്റു വിഭാഗങ്ങൾ അംഗീകരിച്ചിരുന്ന പല കാര്യങ്ങളും നിരാകരിച്ചിരുന്നു. പുതിയനിയമത്തെ നിഷേധിക്കുകയും പാരമ്പര്യങ്ങൾ സ്വീകരിക്കേണ്ടതില്ലെന്നും പഠിപ്പിച്ച ഇക്കൂട്ടർ പുനരുത്ഥാനം ഇല്ല എന്നു വാദിച്ചു. പുനരുത്ഥാനം നിഷേധിക്കുന്നതിലൂടെ അവർ ദൈവത്തെയും ദൈവശക്തിയെയും നിഷേധിക്കുകയാണുണ്ടായത്.

ആധുനിക തലമുറ ദൈവനിഷേധികളായി മാറിക്കൊണ്ടിരിക്കുന്നു. ദൈവത്തെ ഭയമില്ലാതെയും ദൈവവചനത്തെ അനുസരിക്കാതെയും ജീവിക്കുന്നതു നിമിത്തം ദൈവത്തിനു നിഷേധമായ എന്തു കാര്യങ്ങൾ ചെയ്യുവാനും മനുഷ്യൻ തയ്യാറാകുന്നു. ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ച മനുഷ്യൻ ദൈവത്തിന് പ്രസാദകരമായ ജീവിതം നയിക്കണമെന്നാണ് ദൈവത്തിന്റെ ഉദ്ദേശം. എന്നാൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ കൈവന്നപ്പോൾ ദൈവീകകാര്യങ്ങളെ മറന്നു പോകുകയാണ് എല്ലാവരും. ആധുനികതയുടെ എല്ലാ നന്മകളും നമുക്കു സന്തോഷത്തോടെ അനുഭവിക്കാനുള്ളതാണ് പക്ഷേ അവയെല്ലാം നമ്മുടെ ജീവിതത്തെ കൂടുതൽ അനാത്മികതയിലേക്ക് നയിക്കുകയാണ്. മനുഷ്യൻ സ്വസ്നേഹികളായും വമ്പു പറയുന്നവരും വ്യാജത്തിനു മനസ്സ് വെക്കുന്നവരുമായി ദൈവത്തിനും ദൈവവചനത്തിനും വിരുദ്ധമായ കാര്യങ്ങൾ ചെയ്യുവാൻ ബദ്ധപ്പെടുമ്പോൾ ആത്മീയ ജീവിതത്തിന് പരാജയം നേരിടുന്നതിന്റെ കാരണമെന്തെന്ന് കർത്താവ് നമുക്ക് പറഞ്ഞു തരുന്നു. തിരുവെഴുത്തുകളെക്കുറിച്ച് (ദൈവവചനം) അറിവില്ലാത്തതു നിമിത്തം നാം തെറ്റിപ്പോകുന്നു എന്ന കർത്താവിന്റെ വചനം ഇന്നത്തെ ലോകസാഹചര്യത്തിൽ അർത്ഥസംപുഷ്ടമാണ്.

ദൈവം തന്റെ ജനത്തോട് ഇന്നും സംസാരിച്ചുകൊണ്ടിരിക്കുന്നു. എത്രയോ അനുഗ്രഹിക്കപ്പെട്ട കാര്യമാണ് അത്. മനസ്സലിവുള്ള ദൈവം തന്റെ സ്നേഹം ഇന്നും നമ്മുടെ മേൽ പകർന്നു തരുന്നു. നാം തെറ്റിപ്പോകാതിരിക്കേണ്ടതിന് അവിടുത്തെ ആലോചനകളാൽ നമ്മെ വഴി നട

» 6




# വ്യാജന്മാർ അരങ്ങ് വാഴുമ്പോൾ...



ഫേബാ സാം

ഈ നാളുകളിൽ പത്രത്തിൽ സ്ഥിരമായി വരുന്ന ഒരു വാക്കാണ് "വ്യാജം" എന്നത്. "കള്ളവുമില്ല ചതിയുമില്ല, എള്ളോളമില്ല പൊളിവചനം" എന്നതിൽ നിന്നും എള്ളോളള്ളമില്ലാ സത്യം എന്നതായി നമ്മുടെ നാടിൻ്റെ സ്ഥിതി. വിദ്യാഭ്യാസത്തിൽ വ്യാജം, ജോലിയിൽ വ്യാജം, കഴിക്കുന്നതിൽ വ്യാജം, കഴിപ്പിക്കുന്നതിൽ വ്യാജം, കുടിക്കുന്നതിലും കുടിപ്പിക്കുന്നതിലും വ്യാജം. സർവത്ര വ്യാജം. വ്യാജം കാണിക്കുവാനും പറയുവാനും ആർക്കും ഒരു മടിയും ഇല്ലാത്ത, ആരെയും കബളിപ്പിക്കാൻ യാതൊരു സങ്കോചവും ഇല്ലാത്ത സമൂഹത്തിന്റെ മധ്യത്തിലാണ് നാം ജീവിക്കുന്നത്.

ലോകത്തിൽ വ്യാജന്മാർ അരങ്ങ് വാഴുന്നതിന് വർഷങ്ങൾക്ക് മുമ്പ് തന്നേ ഇങ്ങനെ ഒരു കാലത്തെക്കുറിച്ച് നമുക്ക് ചില മുന്നറിയിപ്പുകളും സൂചനകളും ബൈബിൾ തന്നിരുന്നു. വ്യാജം കാണിക്കുകയും അതിന്റെ അനന്തരഫലങ്ങൾ നേരിടുകയും ചെയ്ത ചിലരെ ബൈബിൾ നമുക്ക് കാണിച്ചു തരുന്നുണ്ട്. അനന്യാസ് - സഫീര ദമ്പതികൾ വിശ്വസ്തരായ മനുഷ്യരായിരുന്നു (അപ്പോസ്തല പ്രവർത്തികൾ: 5). വ്യാജം കാണിക്കുവാൻ തീരുമാനം എടുത്തതും അവർ ഒരുമിച്ച് ആയിരുന്നു. ദൈവമുമ്പാകെ അവർ ചെയ്ത വ്യാജ പ്രവൃത്തി നിമിത്തം തിരുത്താൻ ഒരു അവസരം ലഭിക്കുന്നതിന് മുമ്പേ അവർ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. പരിശുദ്ധാത്മാവിനോടു വ്യാജം കാണിക്കുവാൻ സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതു എന്തു?" എന്ന ചോദ്യത്തോട് കൂടിയാണ് പത്രോസ് അനന്യാസിനെ നേരിടുന്നത്. ഈ കഥ അറിയാതെ ഭർത്താവിനെ തിരക്കി വന്ന ഭാര്യ സഫീരക്കും സത്യം പറയുവാൻ ഒരു അവസരം ഉണ്ടായിരുന്നു. എന്നാൽ ഭർത്താവിനെപ്പോലെ സഫീരയും വ്യാജം പറയുക കൊണ്ട് ഈ ലോകത്തിൽ നിന്നും മറഞ്ഞു പോയി. കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ ഒത്തതു എന്തു? " എന്നാണ് " പത്രൊസ് സഫീറയോട് ചോദിച്ചത്. വ്യാജം പ്രവർത്തിക്കുകയും പറയുകയും ചെയ്യുന്നവരുടെ അന്ത്യം എന്താണെന്ന് അനന്യാസിന്റെയും സഫീ

» 6

ഒരു ദിവസം പീറ്റർ തന്റെ കുട്ടുകാരൻ അനിലിനോടൊപ്പം അയാളുടെ ബന്ധുവായ പ്രതീഷിനെ കാണാൻ ഹോസ്പിറ്റലിൽ പോയി. വളരെ ഉന്മേഷവാനായ ഒരു ചെറുപ്പക്കാരനായിരുന്നു പ്രതീഷ്. പെട്ടെന്നായി രുന്നു ക്യാൻസർ അവനെ പിടികൂടിയത്. അധികം വൈകാതെ അത് അവന്റെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിച്ചു. ഇപ്പോൾ ഏകദേശം ഫൈനൽ സ്റ്റേജിൽ ആണ്. അവരെ കണ്ടപ്പോൾ പ്രതീഷ് എഴുന്നേറ്റിരുന്നു. അവരോട് കുശലാന്വേഷണം ചോദിച്ചു. അവർ കുറെ നേരം അവിടെ ചെലവഴിച്ചിട്ട് മടങ്ങി പോന്നു.

പക്ഷേ അന്നു രാത്രി പീറ്ററിന് ഉറക്കം വന്നില്ല. കണ്ണടയ്ക്കുമ്പോൾ പ്രതീഷിന്റെ മുഖം മനസ്സിൽ തെളിഞ്ഞുവരും. എത്ര ശ്രമിച്ചിട്ടും ഉറങ്ങാൻ കഴിയുന്നില്ല. അത്രയും നേരം പ്രതിഷിനോട് സംസാരിച്ചിരുന്നിട്ടും യേശു അപ്പച്ചനെക്കുറിച്ച് ഒന്നും പറയാനായില്ലല്ലോ എന്ന് ഓർത്തപ്പോൾ സങ്കടം താങ്ങാൻ കഴിയുന്നില്ല. നാളെ രാവിലെ തന്നെ ഞാൻ വീണ്ടും പ്രതീഷിനെ കാണാൻ പോകും. യേശുവിനെക്കുറിച്ചും നിത്യജീവനെക്കുറിച്ചും ഞാൻ പ്രതീഷിനോട് സംസാരിക്കും. എല്ലാം നിശ്ചയിച്ച് ഉറപ്പിച്ച് പീറ്റർ എപ്പോഴോ ഉറക്കത്തിലേക്കു വഴുതി വീണു.

കഥയിലെ കാര്യം



അലീന
ജെയിംസ്

ക്രിസ്തീയ
സോദരി

# സമയത്തിന്റെ വില




ചിത്രീകരണം:
കെസിയ

പിറ്റേദിവസം രാവിലെ തന്നെ പീറ്റർ റെഡിയായി. കൂട്ടുകാരനെ കൂടെ കൂട്ടാൻ നിൽക്കാതെ വേഗം ഹോസ്പിറ്റലിലേക്ക് തിരിച്ചു. ഹോസ്പിറ്റലിന്റെ കവാടത്തിൽ എത്തിയപ്പോൾ ഒരു ഡെഡ്ബോഡി ആംബുലൻസിൽ കയറ്റുന്നത് പീറ്റർ കണ്ടു. വേഗം നടന്നു അവിടെ എത്തിയപ്പോൾ, കരഞ്ഞു കലങ്ങിയ കണ്ണുകളുമായി പ്രതീഷിന്റെ അമ്മ ആംബുലൻസിൽ കയറുന്നു. അവർ തിരിഞ്ഞു പീറ്ററിനെ ഒന്നു നോക്കി. സങ്കടത്താലും കുറ്റബോധത്താലും പീറ്റർ അവിടെയുള്ള ഒരു കസേരയിൽ തളർന്നിരുന്നു. ഇനി ഒരിക്കലും കാണാൻ കഴിയാത്ത വിധം ആ വ്യക്തി ഈ ഭൂമിയിൽ നിന്ന് പോയി കഴിഞ്ഞിരിക്കുന്നു.

ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന വേല നിർവ്വഹിക്കുവാൻ അവിടുന്ന് നമുക്ക് ഒരു സമയം തന്നിട്ടുണ്ട്. ദൈവം നമ്മെ ഏൽപ്പിച്ചിട്ടുള്ള സുവിശേഷീകരണവും ഉത്തരവാദിത്തങ്ങളും ദൈവഹിതം മനസ്സിലാക്കി അവ തക്ക സമയത്ത് തന്നെ നാം ചെയ്യണം. നമ്മൾ ആഗ്രഹിക്കുമ്പോഴല്ല, നമ്മൾ ചെയ്യണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന സമയത്ത് തന്നെ നാം അത് നിർവ്വഹിക്കേണ്ടതാണ്.

**കഥയിലെ കാര്യം:** "തക്കസമയത്ത് പറഞ്ഞ വാക്ക് വെള്ളിത്താലത്തിലെ പൊൻനാരങ്ങാ പോലെ" (സദൃ: 25:11).

» 4

## വ്യാജന്മാർ...

റയുടെയും ജീവിതത്തിലൂടെ ഒരു വലിയ ഓർമപ്പെടുത്തലാണ് നമുക്ക് നൽകുന്നത്. അതുകൊണ്ട് വ്യാജം കാണിക്കരുത്.

നാം വ്യാജം കാണിക്കില്ല, പറയില്ല എന്ന് സ്വയം തീരുമാനിച്ച്, നമ്മെ സംബന്ധിക്കുന്ന ഇടപാടുകളിലും ബന്ധങ്ങളിലും എല്ലാം സുതാര്യത നിലനിർത്തിയാൽ നമുക്ക് ഒരു മാതൃക കാണിക്കുവാൻ സാധിക്കും. ചിലപ്പോൾ ലോകത്തിൽ നമുക്ക് അർഹിക്കുന്ന അവകാശങ്ങൾ നേടാൻ കഴിഞ്ഞു എന്ന് വരില്ല, പക്ഷേ ദൈവത്തിന്റെ മുമ്പിലും, മനസ്സാക്ഷിയുടെ മുന്നിലും നാം വിജയിക്കും. ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക (സങ്കീ: 34:13) എന്ന വചനം നമുക്ക് മറക്കാതിരിക്കാം.



» 3

## ദൈവത്തെ മറക്കാതിരിക്കാം...

ത്തുന്നു. കാലങ്ങൾക്കു മുമ്പേ എഴുതിയ ദൈവവചനത്തിലൂടെ ദൈവം ഇന്നും നമ്മോട് സംസാരിക്കുന്നുണ്ട് എങ്കിൽ ആ വചനത്തിനന്റെ പ്രാധാന്യം എന്തെന്ന് നാം ഓരോരുത്തരും അറിഞ്ഞിരിക്കണം. ദൈവവചനത്തിന്റെ സത്യങ്ങളെ ശരിയായ നിലയിൽ മനസ്സിലാക്കാതെ പോകുന്നതാണ് എല്ലാറ്റിന്റെയും പ്രധാന കാരണം. ദൈവശ്വാസീയമായ ഈ വചനം മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നതാണ്, മനസ്സിന് സന്തോഷവും ആനന്ദവും നല്കുന്നതാണ്. ഈ വചനം നിമിത്തം ദൈവത്തെ കണ്ടെത്തിയവർ അനേകരാണ്. ഇന്ന് ലോകം മുഴുവൻ പ്രഘോഷിക്കപ്പെടുകയും ഏറ്റവും കൂടുതൽ അച്ചടിക്കുകയും ചെയ്യുന്ന ഒരേയൊരു ഗ്രന്ഥം ബൈബിളാണ്. ആ ദൈവവചനത്തെ നിങ്ങൾ അറിയാതെ പോകരുത്.

ക്രിസ്തീയ സോദരിയിൽ ഈ ലക്കം മുതൽ ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുന്ന പഠനം ആരംഭിക്കുകയാണ്. ദൈവവചനത്തെക്കുറിച്ചുള്ള പഠനം നമ്മുടെ ജീവിതം കൂടുതൽ ശോഭനമാക്കട്ടെ.

ക്രിസ്തീയ
സോദരി

# ദൈവഹിതം വിലമതിച്ച ജേതാവ്

“ ഈ വഴിയിലൂടെ തന്നെയാണ് ഞാൻ പോകേണ്ടതെന്ന് തിരിച്ചറിയുവാൻ ദൈവം എന്നെ സഹായിച്ചു.



അക്സ ആൻ നെൽസൻ




എം. ജി യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിനു രണ്ടാം റാങ്ക് കരസ്ഥമാക്കിയ അക്സയ്ക്ക് ദൈവത്തിന്റെ അനിർവ്വചനീയമായ കൃപ എന്നല്ലാതെ അതിൽ കൂടുതൽ ഒന്നും ഈ വിജയത്തെക്കുറിച്ച് പറയാനില്ല. എറണാകുളം ജില്ലയിൽ അറക്കപ്പടിയിൽ (പെരുമ്പാവൂർ) കർത്തൃശുശ്രൂഷയിലായിരിക്കുന്ന സുവിശേഷകൻ നെൽസൺ എ. യുടെയും ലീലാമ്മ നെൽസണിന്റെയും മകൾ അക്സ ആൻ നെൽസൺ ക്രിസ്തീയ സോദരിക്കു വേണ്ടി തന്റെ പഠനവഴികൾ വിശദീകരിക്കുന്നു. ഒരു റാങ്ക് ജേതാവിന്റെ ഭാവവ്യത്യാസങ്ങ ളൊന്നുമില്ലാതെ..

Grace - The endless mercy expressed to the undeserving wretched without a feeling of being rewarded - അതെ അർഹിക്കാത്ത സ്ഥാനത്ത് പ്രതിഫലേച്ഛ കൂടാതെ കാണിക്കുന്ന ദയ എന്ന 'കൃപ'യുടെ നിർവ്വചനം എന്നിൽ അക്ഷരംപ്രതി നിറവേറി എന്നേ പറയാനുള്ളൂ. ബലഹീനതയിൽ തുണ നിൽക്കുന്ന ദൈവകൃപയും സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനവും എന്നെ ഇത്രത്തോളം വഴി നടത്തി. ഈ ഏഴയ്ക്കിതു അപ്രാപ്യം ആയിരുന്നു. നേടിയതല്ല, അവിടുന്ന് തന്നതാണ്. അർഹിക്കാത്ത നന്മകൾ തന്നു ദൈവം ഇതുവരെയും അനുഗ്രഹിച്ചു. സർവ്വശക്തനായ ദൈവത്തിന് സകല മഹത്വവും അർപ്പിക്കുന്നു.

## വന്ന വഴികൾ

സ്കൂൾ പഠനകാലയളവിൽ ശരാശരിയിലും താഴെ നിൽക്കുന്ന ഒരു വിദ്യാർത്ഥിനിയായിരുന്നു ഞാൻ. പത്താം ക്ലാസിൽ അത്ര നല്ല മാർക്കൊന്നും എനിക്കുണ്ടായിരുന്നില്ല. എങ്കിലും ലോകപ്രകാരം മാന്യതയേറിയതിനെ വിലമതിച്ചത് കൊണ്ടും ദൈവഹിതത്തെ ഗൗനിക്കാൻ അജ്ഞയായിരുന്നതിനാലും ഞാൻ സയൻസ് ഗ്രൂപ്പ് എടുത്തു. ഹയർസെക്കൻഡറി ഒരു ആവറേജ് മാർക്കിൽ പാസായത് ഇന്നും എനിക്ക് അത്ഭുതമാണ്. +2 പഠനത്തിനുശേഷം ഡിഗ്രിക്ക് ഉള്ള അലോട്ട്മെന്റിൽ 30 ഓപ്ഷനുകളിൽ 27-ാമത്തെ ഓപ്ഷൻ ആയിരുന്നു ഇംഗ്ലീഷ്. അലോട്ട്മെന്റ് ഫലം വന്നപ്പോൾ എന്റെ മുൻഗണനകളെ പിന്തള്ളി എനിക്ക് അഡ്മിഷൻ ലഭിച്ചത് ബി.എ ഇംഗ്ലീഷിനു (Model 2) ആയിരുന്നു. ദൈവം തന്ന അഡ്മിഷനെ ഓർത്ത് നന്ദി പറയേണ്ടതിന് പകരം എന്റെ പ്രതികരണം നിയന്ത്രണം വിട്ടുള്ള കരച്ചിലായിരുന്നു. കാരണം സമൂഹത്തിനു മുമ്പിൽ 'unprivileged' എന്നു കരുതുന്ന ഒരു പഠനവിഷയത്തെ തിരഞ്ഞെടുക്കാൻ ഞാൻ ഒരുക്കമല്ലായിരുന്നു. എങ്കിലും ദൈവം എന്റെ മാതാപിതാക്കളിലൂടെയും ആന്റിയിലൂടെയും ഇതു തന്നെയാണ് എന്നെക്കുറിച്ചുള്ള ദൈവഹിതം എന്ന് മനസ്സിലാക്കി തന്നു. മാത്രമല്ല തുടർന്നുള്ള നാളുകളിൽ കേവലം ജല്പനങ്ങൾക്ക് വിരുദ്ധമായി ഗൗരവമായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുവാനും എന്തെന്നില്ലാത്ത ദൈവസമാധാനം അനുഭവിക്കുവാനും ഈ വഴിയിലൂടെ



മാതാപിതാക്കൾ:
നെൽസൺ, ലീലാമ്മ

തന്നെയാണ് ഞാൻ പോകേണ്ടതെന്ന് തിരിച്ചറിയുവാനും ദൈവം എന്നെ സഹായിച്ചു. ദൈവഹിതത്തിന് കീഴ്പ്പെടുവാൻ സർവ്വശക്തനായ ദൈവം എനിക്ക് കൃപ തന്നു. പിന്നിട്ട വഴിത്താരകളെ വിശകലനം ചെയ്യുമ്പോൾ എനിക്ക് പറയാൻ കഴിയുന്നത് ഇതാണ് - ഇത് ദൈവഹിതത്തിന്റെ അത്ഭുത പ്രവർത്തനം. എനിക്ക് ഏറ്റവും മികച്ചതിനെ ദൈവം നൽകി. ബി എ ഇംഗ്ലീഷിനു അഡ്മിഷൻ കിട്ടിയപ്പോഴുള്ള കരച്ചിലിൽ നിന്നും ദൈവം നൽകിയ ഈ നേട്ടത്തിന് മുന്നിൽ ദൈവ മുമ്പാകെ ഞാൻ നന്ദി ഉള്ളവളായിരിക്കുന്നു.

## പഠനരീതി

യാക്കോബ് 1:5 -ാം വാക്യം എന്നിൽ ചെലുത്തിയ സ്വാധീനം ചെറുതൊന്നുമല്ല. എന്റെ ജഡത്തിന്റെ നിസ്സഹായതയെ ദൈവത്തിനു മുന്നിൽ തുറന്നുപറഞ്ഞ് എന്റെ ബലഹീനതയിൽ തുണ നിൽക്കുന്ന ദൈവകൃപ യാചിക്കുവാൻ ഓരോ പഠനത്തിന് മുമ്പും ദൈവം കൃപ നൽകിയിരുന്നു. അതുതന്നെയായിരുന്നു എല്ലാ പഠനത്തിന്റെയും ഇന്ധനം എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

എന്റെ പഠന വിഷയം ഭാഷാ സാഹിത്യത്തെ കേന്ദ്രീകരിച്ചുള്ളതാണ്. അതിനാൽ വായന ഒഴിച്ചു കൂടാനാവാത്ത ഘടകം ആയിരുന്നു. പാഠപുസ്തകങ്ങൾക്ക് പുറമേയുള്ള വായന നമ്മുടെ ഭാഷയെ സമ്പുഷ്ടമാക്കാൻ ഉപകരിക്കുന്നതാണ്. അധ്യാപകരുടെ ക്ലാസുകൾ കേട്ട് തയ്യാറാക്കുന്ന നോട്ടുകൾ പരീക്ഷകാലത്തെ പഠനം സുഗമമാക്കാൻ ഏറെ ഉപകാരപ്രദമാണ്. എത്ര പ്രതികൂലമുണ്ടെങ്കിലും അതിനെയെല്ലാം തരണം ചെയ്ത് ഇത്തരത്തിൽ നോട്ടുകൾ ഉണ്ടാക്കുവാൻ ഞാൻ ശ്രമിച്ചിരുന്നു. പ്രത്യേകിച്ചും ബിരുദ പഠനകാലയളവിൽ എന്റെ ഉത്തമ സഹായിയായിരുന്നു ഈ നോട്ടുകൾ.

സ്ഥിരമായി മണിക്കൂറുകളോളം പഠനത്തിൽ ഏർപ്പെട്ടിരുന്ന ഒരു വ്യക്തിയായിരുന്നില്ല ഞാൻ. എന്നാൽ പരീക്ഷയ്ക്ക് ഒരു മാസം മുമ്പ് എങ്കിലും വിഷയങ്ങളുടെ ഗൗരവം അനുസരിച്ച് ഓരോ ഭാഗ



സഹോദരിമാർ: ബ്യൂല, ലേയ, അക്സ




> “ ദൈവഹിതത്തിന് കീഴ്പ്പെടുവാൻ സർവ്വശക്തനായ ദൈവം എനിക്ക് കൃപ തന്നു

ങ്ങളായി തിരിച്ച് ഒരു ടൈംടേബിൾ തയ്യാറാക്കി അതിനനുസരിച്ച് പഠിക്കുവാൻ സാധിച്ചിരുന്നു. പഠനത്തോടൊപ്പം ഉപവസിച്ചു പ്രാർത്ഥിക്കുന്നതിന്റെ ശക്തിയും ഞാൻ തിരിച്ചറിഞ്ഞിരുന്നു.

'ഞാൻ' എന്ന ഭാവം എന്നിൽ എത്രത്തോളം നിലനിൽക്കുന്നോ അത്രത്തോളം അസാധ്യമായിരിക്കും നമ്മുടെ ജീവിതവിജയം എന്ന് എന്റെ മാതാപിതാക്കൾ എന്നെ ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു. അതിന് അനുസരിച്ചായിരുന്നു എന്റെ ഓരോ ചുവടുവെയ്പ്പും. നമ്മെ നന്നായി അറിയുന്ന ദൈവം നമുക്കു വേണ്ടി നല്ലത് മുന്നൊരുക്കും. ആ ദൈവത്തിൽ സകല കാര്യങ്ങളും സമർപ്പിച്ചാൽ കാലിടറാതെ അവിടുന്ന് നമ്മെ കാക്കും. ദൈവകൃപയുടെ അഭാവം സൃഷ്ടിക്കുന്നത് കേവലം നിഷ്ഫലമായ പ്രവർത്തികളാണ്. ഈ തിരിച്ചറിവ് സർവ്വശക്തനായ ദൈവം അടിയനിൽ നല്കിയതാണ് എന്റെ പഠനത്തിന്റെ ചാലകശക്തിയായും ഈ ചെറിയ നേട്ടത്തിന്റെ പ്രധാന കാരണമായും ഞാൻ കരുതുന്നത്.

## വെല്ലുവിളികൾ

അനവധി വെല്ലുവിളികൾ ഉണ്ടായിരുന്നുവെങ്കിലും ദൈവീക പ്രമാണങ്ങൾക്ക് ഘടകവിരുദ്ധമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന പഠന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വരിക എന്നതായിരുന്നു ഈ കാലയളവിൽ ഞാൻ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. ആദ്യകാലങ്ങളിൽ വളരെയധികം പ്രയാസപ്പെട്ടെങ്കിലും അത് ദൈവവചനത്തെ കൂടുതൽ പഠിക്കുവാനുള്ള ശ്രമത്തിന് മുഖാന്തരമായി.

പിന്നീടാണ് ഞാൻ തിരിച്ചറിഞ്ഞത് ഇനിയുള്ള കാലഘട്ടങ്ങളിൽ പഠന വിഷയത്തിൽ മാത്രമല്ല ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഉടനീളം സാത്താൻ ഉപയോഗിക്കാൻ പോകുന്ന അമ്പ് ഇത്തരത്തിൽ നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന ആശയങ്ങൾ ആയിരിക്കുമെന്ന്. സ്കൂൾ പഠനകാലയളവിൽ ഈ കാര്യത്തെ അത്ര ഗൗരവമായി എടുത്തില്ലെങ്കിലും ബിരുദകാലത്ത് പഠ




നത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ഈ തിരിച്ചറിവിനെ ദൈവം ഒരു മുഖാന്തരമാക്കി. അതിനനുസൃതമായി പ്രവർത്തിക്കുവാൻ അവിടുന്ന് കൃപ നൽകി. പലതിനും ഭക്തിയുടെ വേഷമാണ്. ദൈവത്തിന്റെ ദയ എന്നെ വിടാതെ പിന്തുടർന്നതു കൊണ്ടും എനിക്ക് വേണ്ടി കണ്ണീരൊഴുക്കുന്ന ഒരു കുടുംബം പിൻബലമായി ഉണ്ടായിരുന്നതുകൊണ്ടും ക്രൂശിന്റെ വചനത്തിൽ നിന്ന് വ്യതിചലിക്കുവാൻ ദൈവം അനുവദിച്ചില്ല.

എന്റെ ഈ എളിയ വാക്കുകളിലൂടെ കണ്ണോടിക്കുന്ന ഓരോ പ്രിയപ്പെട്ടവരോടും എനിക്കൊരു അപേക്ഷയുണ്ട്.'ശരി' 'തെറ്റുകൾ'ക്ക് സമൂഹത്തിൽ സ്ഥാനമില്ല, അവനവന് എന്ത് ചൊവ്വായി തോന്നുന്നുവോ ആ വഴിയിലൂടെ പോക എന്ന ആശയം പ്രചരിപ്പിച്ചു സകലവിധ മൂല്യങ്ങളെയും ദൈവീക പ്രമാണങ്ങളെയും കാറ്റിൽ പറത്തുന്ന ഒരു ആധുനിക സമൂഹത്തിലാണ് ഞാൻ ഉൾപ്പെടുന്ന യുവതലമുറയും കുഞ്ഞുങ്ങളും ജീവിക്കുന്നതും വളരുന്നതും. ഇതിന്റെ മധ്യത്തിൽ യഥാർത്ഥ വിശ്വാസത്തിൽ നിലനിൽക്കുവാൻ ദൈവകൃപയുടെ അത്യന്തവ്യാപാരം കൂടിയേ തീരൂ. ജീവിതത്തിലും ഉപദേശത്തിലും ഒരു പോലെ വിശുദ്ധി സൂക്ഷിക്കുവാനുള്ള ദൈവകൃപ ലഭിക്കേണ്ടതിന് നമുക്ക് അന്യോന്യം പ്രാർത്ഥിക്കാം.

## ലക്ഷ്യം

ഡോക്റാവുക എന്ന ആഗ്രഹത്തോടെ സയൻസ് ഗ്രൂപ്പ് എടുത്ത് പഠിച്ച ഞാൻ ദൈവഹിതം തിരിച്ചറിഞ്ഞ് ആ ആഗ്രഹം മാറ്റി വെച്ചു. കോലഞ്ചേരി, സെന്റ്. പീറ്റേഴ്സ് കോളേജിൽ എം.എ ഇംഗ്ലീഷിനു ജോയിൻ ചെയ്ത എനിക്കു നല്ല ഒരു അദ്ധ്യാപികയാകണമെന്നാണ് ആഗ്രഹം. അതോടൊപ്പം സുവിശേഷവേലയോട് അനുബന്ധിച്ച് ട്രാൻസലേഷൻ വർക്കുകളും ദൈവവചന വിരുദ്ധമായ ആശയങ്ങളെ തെളിയിക്കുക എന്നിങ്ങനെയുള്ള താല്പര്യങ്ങളും ഉണ്ട്.



> ❝ ഇതുവരെ എന്നെ വഴി നടത്തിയവൻ തുടർന്നും നടത്തുവാൻ ശക്തൻ

## ഹോബി

വായന, എഴുത്ത്. എല്ലാ തരം പുസ്തകങ്ങളും വായിക്കാറുണ്ട്. വായന എഴുത്തിനെ സഹായിക്കുന്നു. ഡിജിറ്റൽ വായനയെക്കാൾ എനിക്കു ഇഷ്ടം അച്ചടി മാദ്ധ്യമമാണ്. ഇംഗ്ലീഷ് കവിതകൾ എഴുതാറുണ്ട്.

എല്ലാവർക്കും മികച്ച വിദ്യാഭ്യാസം നേടാൻ സാധിച്ചു എന്നു വരികയില്ല. വിദ്യാഭ്യാസത്തിൽ മികവ് പുലർത്തുവാൻ ദൈവം അക്സക്ക് അവസരം നൽകി. ദൈവം നല്കുന്ന കൃപയ്ക്ക് അനുസരിച്ച് പഠിക്കാൻ ശ്രമിച്ചാൽ ദൈവനാമം മഹത്വപ്പെടുമെന്ന് ദൈവം അക്സയിലൂടെ നമുക്ക് മനസ്സിലാക്കി തരുന്നു. പഠനകാലയളവിൽ ദൈവം ഏൽപ്പിച്ചിരിക്കുന്ന പ്രഥമ ഉത്തരവാദിത്വം പഠിക്കുക എന്നതാണെന്ന് അവൾ തിരിച്ചറിഞ്ഞിരുന്നു. അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച അക്സയുടെ ആത്മീക ജീവിതവും കർത്താവിന്റെ കരങ്ങളിൽ ഭദ്രമായിരുന്നു.

ദൈവഹിതം നിറവേറേണ്ടതിനും ദൈവവുമായുള്ള ബന്ധം നിലനില്ക്കേണ്ടതിനും ഓലോല കണ്ണുനീർ ഒഴുക്കുന്ന മാതാപിതാക്കളും കുടുംബവും സഭയുമാണ് എന്റെ എക്കാലത്തെയും പിൻബലം എന്ന് അക്സ പറയുന്നു. പഠനവേളയിൽ ഒരിയ്ക്കൽ പോലും തന്റെ മാതാപിതാക്കളോ സഹോദരങ്ങളോ യാതൊരു സമ്മർദ്ദവും നല്കിയിട്ടില്ലെന്നും അവൾ സന്തോഷത്തോടെ ഓർക്കുന്നു. അക്സക്കു ഇളയ രണ്ടു സഹോദരിമാരാണ് ഉള്ളത്. ബ്യൂല (ബി.കോം രണ്ടാം വർഷം), ലേയ (പ്ലസ്സ് വൺ). തനിക്കു ലഭിച്ച നേട്ടം ഒരു ശതമാനം പോലും തന്റെ കഴിവ് ആണെന്ന് ചിന്തിക്കാൻ അക്സ തയ്യാറല്ല. കഴിഞ്ഞുപോയ വർഷങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച്, ഇനിയുള്ള കാലങ്ങളെ വലിയവനായ ദൈവത്തിന് മുന്നിൽ സമർപ്പിച്ച് അവൾക്ക് പറയാനുള്ളത് ഒന്നു മാത്രം - ഇതുവരെ എന്നെ വഴി നടത്തിയവൻ തുടർന്നും നടത്തുവാൻ ശക്തൻ. Yes! He who led me thus far, will guide me furthur.



# ചൂണ്ടുപലക



മേരി. എസ്
ജോർജ്ജ്

നിർത്താതെയുള്ള സൈക്കിളിന്റെ ബെല്ലടി കേട്ട് കെവിൻ വാതിൽ പടിയിൽ വന്ന് എത്തിനോക്കി.. അനന്തുവും ദീപുവും ആണ്. കയ്യിൽ പന്തുമുണ്ട്...

കെവിനെ.. നീ വരുന്നില്ലേ?.. ശബ്ദം കേട്ട് അമ്മ വെളിയിൽ വന്നു ചോദിച്ചു.

എങ്ങോട്ടാണ് എല്ലാവരും കൂടെ"?

ഞങ്ങൾ കളിക്കാൻ പോവാ. എവിടെയാ? അമ്മ ചോദിച്ചു..

പുഴയുടെ തീരത്തുള്ള മൈതാനത്തിലാണമ്മേ".. കെവിൻ മറുപടി പറഞ്ഞു..

"മോനെ പുഴയിലേക്ക് ഇറങ്ങരുത് കേട്ടോ"

ഈ അമ്മ ഇങ്ങനെയാണ്.. അവിടെ പോകരുത്, ഇത് ചെയ്യരുത്, അത് ചെയ്യരുത് എന്ന് പറഞ്ഞു കൊണ്ടേയിരിക്കും". "ഇതൊക്കെ തന്നെയാണ് എന്റെ വീട്ടിലും, കൂട്ടത്തിൽ ചേച്ചിയുടെ വക ഉപദേശവും" ദീപു പറഞ്ഞു.

പുഴയിലേയ്ക്കുള്ള ഇടവഴിയിലൂടെ അവർ സൈക്കിൾ ചവിട്ടി പുഴയുടെ തീരത്തെ മൈതാനത്തിൽ എത്തി. അവധി ദിവസമായതിനാൽ ഇന്ന് പതിവിൽ കൂടുതൽ ആളുകൾ ഉണ്ട് പുഴവക്കത്ത്. ഇടതൂർന്ന് നില്ക്കുന്ന ഞാങ്ങണക്കൂട്ടങ്ങളുടെ നടുവിലൂടെ പച്ചനിറത്തിൽ ശാന്തമായി ഒഴുകുന്ന പുഴ. ഒരു അരഞ്ഞാണം പോലെ അങ്ങ് ദൂരെ വരെ കാണാം.. തീരത്ത് പച്ചപരവതാനി വിരിച്ചത് പോലെ പുൽമേടുകളാണ്. അവിടെ കുട്ടികൾ പന്ത് കളിക്കുന്നു. ആളുകൾ പശുക്കളെ മേയ്ക്കുന്നു. ചിലർ ഉയർന്ന പാറകളിൽ കയറി ഇരുന്ന് പ്രകൃതി ഭംഗി ആസ്വദിക്കുന്നു.

വാടാ..നമുക്ക് കളിക്കാം ദീപു വിളിച്ചു പറഞ്ഞു. അപ്പോഴേക്കും മറ്റുള്ളവരും എത്തി. അവർ തിമിർത്തു കളി തുടങ്ങി... ഇല്ലിമുളം കാടുകളിൽ ഒരു ഹൂങ്കാര ശബ്ദം പുറപ്പെടുവിച്ച കാറ്റ് കടന്നുപോയി.. ഒടുവിൽ ക്ഷീണിച്ച് അവർ ഒരു പാറപ്പുറത്ത് കയറിയിരുന്നു..

"നമുക്ക് പുഴയിൽ ഇറങ്ങി നീന്തിയാലോ?".. അനന്തു പറഞ്ഞു..

കേട്ടപാടെ കെവിൻ പറഞ്ഞു"വേണ്ട ഞാൻ വരുന്നില്ല.. അമ്മ പറഞ്ഞു വെള്ള

ത്തിൽ ഇറങ്ങരുതെന്ന്..

"ഓ.. ഒരു പേടിത്തൊണ്ടൻ.. ടാ.. ദീപു..നീ വാ..."ഞാനും വരുന്നില്ല".."ഇവന്മാരെ കൊണ്ട് ഒന്നിനും കൊള്ളത്തില്ല.. നിങ്ങൾ വരുന്നില്ലെങ്കിൽ വേണ്ട ഞാൻ എന്തായാലും പുഴയിൽ ഒന്ന് നീന്തിയിട്ട് തന്നെ കാര്യം".. അനന്തു മുൻപോട്ട് നടന്നു..

അപ്പോൾ അവിടെ ഒരു ചൂണ്ടുപലക വെച്ചിരിക്കുന്നത് കണ്ടു.. അതൊന്നും ശ്രദ്ധിക്കാതെ അവൻ പായൽ നിറഞ്ഞ പടവുകൾ ചവിട്ടി താഴേക്ക് ഇറങ്ങാൻ തുടങ്ങി..

"അനന്തു.. അവിടെ ഒരു ബോർഡ് വച്ചിരിക്കുന്നത് നീ കണ്ടോ?.." ദീപു വിളിച്ചു പറഞ്ഞു..

"വാ നമുക്ക് പോയി അതിൽ എന്താ എഴുതിയിരിക്കുന്നത് എന്ന് നോക്കാം.." ദീപു കെവിനെയും കൂട്ടി അങ്ങോട്ട് നടന്നു.

"ഇവിടെ ഇറങ്ങരുത്".. ഒരു നിമിഷം അവർ ഭയപ്പാടോടെ അനന്തുവിനെ നോക്കി

"അനന്തു.. ഈ ബോർഡിൽ ഇവിടെ ഇറങ്ങാൻ പാടില്ല എന്ന് എഴുതിയിരിക്കുന്നു നീ വേഗം കേറി വാ".. ദീപു അനന്തുവിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു.. "ഓ..പിന്നെ അങ്ങനെ പലതും കാണും.. എന്നു പറഞ്ഞ് അത് ഗണ്യമാക്കാതെ അനന്തു പുഴയിലേക്ക് ഇറങ്ങി.

കുറച്ചു ദൂരം നടന്നപ്പോൾ പെട്ടെന്ന് അവൻ ഒരു ചുഴിയിൽ അകപ്പെട്ടു.. മുങ്ങിത്താഴുവാൻ തുടങ്ങി.. അവൻ കൈകൾ മുകളിലേക്ക് ഉയർത്തി നിലവിളിച്ചു.. കെവിനും ദീപുവും അലമുറയിട്ടു കരഞ്ഞു.. "രക്ഷിക്കണേ രക്ഷിക്കണേ".. അവരുടെ നിലവിളി കേട്ട് അവിടെ പശുക്കളെ മേയ്ച്ചുകൊണ്ടിരുന്ന ആളുകൾ ഓടി വന്നു പുഴയിലേക്ക് എടുത്തുചാടി.. അവർ അവനെ വലിച്ചു കയറ്റി, കരയിൽ കിടത്തി.. വയറ്റിൽ അമർത്തി വെള്ളം കളഞ്ഞു... അവൻ കണ്ണുതുറന്നു.. അതിൽ പ്രായമുള്ള ഒരു ചേട്ടൻ പറഞ്ഞു "കുറച്ചുകൂടി മുന്നോട്ടു പോയിരുന്നെങ്കിൽ ഞങ്ങൾക്കും രക്ഷിക്കാൻ കഴിയുമായിരുന്നില്ല കേട്ടോ.. കാരണം പുറമേ ശാന്തമായി ഒഴുകുന്നു എന്ന് തോന്നിയാലും നല്ല അടിയൊഴുക്കുള്ള പുഴയാണ്..... മോൻ ഈ ചൂണ്ടുപലക കണ്ടില്ലായിരുന്നോ? ഇവിടെ ഇറങ്ങരുതെന്ന് അതിൽ എഴുതി വച്ചിട്ടുണ്ടല്ലോ.. ഇത് അവഗണിച്ച് ഇറങ്ങിയ ഒരുപാട് പേർ ചുഴിയിൽ പെട്ട് മരണപ്പെട്ടു പോയിട്ടുണ്ട്.. എന്തായാലും ഭാഗ്യം കൊണ്ട് രക്ഷപ്പെട്ടു"..

കൂട്ടുകാരേ... മുന്നറിയിപ്പുകൾ അവഗണിച്ചാൽ നാം നാശത്തിലേക്ക് പോകും... മുന്നറിയിപ്പുകൾ കാര്യമാക്കാതെ മുന്നോട്ടുപോയ അനേകർ മടങ്ങി വരാതെ അപകടങ്ങളിലേക്ക് പോയ കഥകളെല്ലാം നമുക്ക് സുപരിചിതമാണ്...



അതുപോലെ.. ദൈവ വചനം നമുക്ക് ഒരു മുന്നറിയിപ്പാണ്.. അപകട സൂചന തരുന്ന ഒരു ചൂണ്ടു പലകയാണ്.. നമ്മുടെ ജീവിതത്തെ നേരായ ദിശയിലേക്ക് തിരിച്ചുവിടാൻ ദൈവ വചനം നമ്മെ സഹായിക്കുന്നു... വിശുദ്ധ വേദപുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു..."ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ട വഴി നിനക്ക് കാണിച്ചു തരും, ഞാൻ നിന്റെ മേൽ ദൃഷ്ടി വെച്ച് നിനക്ക് ആലോചന പറഞ്ഞു തരും".. (സങ്കീ: 32:8). ദൈവവചനം എന്ന ചൂണ്ടുപലക നോക്കി നാം യാത്ര ചെയ്യുമ്പോൾ ജീവിതത്തിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുവാൻ നമുക്കിടയാകും.... അതുകൊണ്ട് ദൈവ വചനം പഠിക്കുവാനും ധ്യാനിക്കുവാനും ഉത്സുകരായിരിക്കാം....

വചനം പ്രമാണിക്കുന്ന തിനാൽ വളരെ പ്രതി ഫലം ഉണ്ട്.





മേരി ഏബ്രഹാം

# ദൈവ വചനത്തിന്റെ പ്രാധാന്യം

ഇന്നു ദൈവവചനം നമ്മുടെയെല്ലാം കരങ്ങളിൽ സുലഭമാണല്ലോ. വചനത്തോടുള്ള നമ്മുടെ സമീപനം എങ്ങനെ? നാം വചനത്തെ നിസ്സാരമായി കരുതി പാപം ചെയ്യുന്നവരോ? (ലേവ്യ:2:9). അലക്ഷ്യമാക്കുന്നവരോ? (ആവ:8:11). അതോ ഇഷ്ടമില്ലാതിരിക്കുന്നവരോ? (യിരെ:6:11). ചിന്തിക്കേണ്ടിയിരിക്കുന്നു..

ആദിയിൽ ദൈവത്തോടു കൂടെയായിരുന്ന, ദൈവമായിരുന്ന വചനം ജഢമായി തീർന്നവനാണ് യേശുക്രിസ്തു (യോഹ:1:1,2,14). ദൈവവചനമെന്നാൽ യേശുക്രിസ്തുവാണ് (വെളി:19:13). വഴിയും സത്യവും ജീവനുമായി വന്ന ക്രിസ്തുയേശു വചനം കൃത്യമായി ആചരിക്കേണ്ടതിന് കല്പിച്ചു തന്നിരിക്കുകയാണ്. വചനത്തിങ്കൽ വിറയ്ക്കുന്നവനെ യഹോവ കടാക്ഷിക്കുന്നു (യെശ:66:2) എന്നും നാം വായിക്കുന്നു.

ദൈവവചനത്തിന് യഹോവയുടെ പുസ്തകം എന്ന പേര് ഉണ്ട്. കാരണം ഇതിന്റെ ഉടമസ്ഥൻ ജീവനുള്ള ദൈവമാണ് (യെശ:23:36). യേശുക്രിസ്തു വചനത്തെ തിരുവെഴുത്തുകൾ എന്നു പറഞ്ഞിരിക്കുന്നു. തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കയിലാണ് നാം തെറ്റിപ്പോകുന്നതെന്ന് കർത്താവ് ഓർമ്മിപ്പിച്ചിരിക്കുന്നു (മത്താ:22:29).

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്. ദൈവാത്മാവാണ് അവയെ കൂട്ടിവരുത്തിയത്. ദൈവമനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ച് എഴുതിയതത്രേ നമ്മുടെ പക്കൽ ലഭ്യമായിരിക്കുന്നത്.

വചനം നമുക്ക് വ്യർത്ഥമായ കാര്യമല്ല; മനുഷ്യന്റെ ജീവന് ആധാരമാണ് (ആവ:32:46). വചനാടിസ്ഥാനത്തിലായിരിക്കും അന്ത്യന്യായവിധിയും. യഹോവയുടെ വഴിയും തന്റെ ദൈവത്തിന്റെ ന്യായവും അറിയാത്തവർ അല്പന്മാർ,

ബുദ്ധിഹീനർ തന്നേ (യെശ:5:4). വചന പാരായണം അത്യന്താപേക്ഷിതമായ കാര്യമാണ്.

പരിശുദ്ധാത്മ നിയോഗത്താൽ എഴുതിയ വചനം മനസ്സിലാക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം വേണം. പ്രാർത്ഥനയും അനിവാര്യമായ ഘടകമാണ്. തിരുവചനത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് തന്റെ കണ്ണുകളെ തുറക്കേണമേ എന്നും ഗ്രഹിപ്പാൻ ബുദ്ധി നല്കേണമേ എന്നും ദാവീദ് പ്രാർത്ഥിക്കുന്നു (സങ്കീ:119:18,125). ദൈവവചനത്താൽ ബുദ്ധി പഠിക്കേണ്ടതിന് കൃപയ്ക്കായി യാചിച്ചില്ല എന്ന തന്റെ കുറവ് ദാനിയേൽ ഏറ്റു പറയുന്നു (ദാനി:9:13). പുതുതായി ജനിച്ച ശിശുക്കൾക്ക് പാൽ ആവശ്യമായിരിക്കുന്നതു പോലെയുള്ള വാഞ്ചയാണ് വചനപാരായണത്തിന് ഉണ്ടായിരിക്കേണ്ടത് (1. പത്രോ:2:3).

വചനപഠനം മൂലം മാത്രമേ ദൈവേഷ്ടം ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. അന്വേഷണത്തോടെ വായിക്കേണം (യെശ:34:16). വചനം പ്രമാണിക്കേണ്ടതിന് അത് രാവും പകലും ധ്യാനിക്കേണം.

ജീവനും ചൈതന്യവുമുള്ള മൂർച്ചയേറിയ ഇരുവായ്ത്തല വാളിനു സമമായ ദൈവവചനം ഒരു മനുഷ്യനെ മുഴുവനായി (ദേഹം, ദേഹി, ആത്മാവ് ) ശുദ്ധീകരിക്കുവാൻ മതിയായതാണ് (എബ്രാ:4:12). ദുഷ്ടലോകത്തിൽ നേരായ വഴി ഏതെന്ന് പഠിപ്പിക്കുന്നു. നാം ഉപദേശം പ്രാപിക്കുന്നതിനും തെറ്റ് തിരുത്തപ്പെടുന്നതിനും ശാസിക്കപ്പെടുന്നതിനും വചനം പ്രയോജപ്പെടുത്തുമ്പോൾ ദൈവഹിതപ്രകാരം സകലസൽപ്രവൃത്തിക്കും തികഞ്ഞവരായിത്തീരുന്നു (2. തിമൊ:3: 16,17). ദാവീദിന് വചനം തന്റെ പ്രമോദവും ആലോചനക്കാരും ആയിരുന്നു (സങ്കീ:119:24). ദൈവവചനം നമ്മെ ആകാത്തവഴിയിൽ നിന്നും പ്രവൃത്തികളുടെ ദോഷത്തിൽ നിന്നും അവരെ തിരിക്കുന്നു (യെശ:23:22).

വചനം പ്രമാണിക്കുന്നതിനാൽ വളരെ പ്രതിഫലം ഉണ്ട്. ഇത്രമാത്രം വിലപ്പെട്ട ദൈവവചനം നമുക്ക് ഏറ്റവും സമീപമായി തന്നിരിക്കുകയാണ് (ആവ:30:14). അത് നമ്മുടെ വായിലും ഹൃദയത്തിലും ഇരിക്കണം. ഭൂമിയിൽ ജീവിച്ചിരിക്കും കാലം ഒക്കെയും യഹോവയെ ഭയപ്പെടുവാൻ പഠിക്കയും മക്കളെ പഠിപ്പിക്കുകയും വേണം (ആവ:4:10).

വഴിയും സത്യവും ജീവനുമായ വചനമാകുന്ന യേശുക്രിസ്തുവിനെ കൈക്കൊള്ളുമ്പോൾ ദൈവമക്കളായിത്തീരുന്നു. വിശ്വാസം കേൾവിയാലും കേഴ്വി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമ:10:17). ദൈവവചനം വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ ഇത് വായിക്കുന്ന ഓരോരുത്തരെയും ദൈവം സഹായിക്കട്ടെ.




## ഗുരുഭാഷ്യം

"നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കോസ്:16:15)

"Go ye into all the world, and preach the gospel to every creature" (Mark:16:15)

# ബൈബിളിനെ അറിയാം




ലോകത്തെ ഏറ്റവും പ്രചാരമുള്ള തും ഏറ്റവുമധികം പേർ വായിച്ചിട്ടുള്ള തുതും ഏറ്റവുമധികം ജനഹൃദയങ്ങളെ സ്വാധീനിച്ചിട്ടുള്ള പുസ്തകമാണ് ബൈബിൾ. പുസ്തകങ്ങളുടെ പുസ്തകം എന്ന് ബൈബിളിനെ വിശേഷിപ്പിക്കുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഈ കാലത്തുപോലും ബൈബിൾ പ്രധാന സംസാര വിഷയമായിരിക്കുന്നു. ബൈബിൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ബൈബിളിനെക്കുറിച്ചുള്ള വിവരങ്ങൾ ഏതൊരാളും അറിഞ്ഞിരിക്കേണ്ടതാണ്.

66 പുസ്തകങ്ങളുടെ ഒരു സമാഹാര മാണ് ബൈബിൾ. പഴയ നിയമം, പുതിയ നിയമം എന്ന് രണ്ടു ഭാഗങ്ങളായി തിരി ച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പു സ്തകങ്ങളും പുതിയനിയമത്തിൽ 26 പുസ്തകങ്ങളും.

ഏകദേശം നാലായിരം വർഷത്തെ പഴക്കമാണ് ബൈബിളിലെ പുസ്തകങ്ങൾ ക്ക് ഉള്ളത്. നാല്പതോളം വ്യസ്ത്യസ്തരായ എഴുത്തുകാർ പലയിടങ്ങളിലായി പല കാലഘട്ടങ്ങളിലായി എഴുതിയതാണ് ബൈബിളിലെ പുസ്തകങ്ങൾ.



നാല്പതോളം വ്യസ്ത്യസ്തരായ എഴുത്തുകാർ പലയിടങ്ങളിലായി പല കാലഘട്ടങ്ങളിലായി എഴുതിയതാണ് ബൈബിൾ

ഇന്നത്തെ ആഫ്രിക്ക, യൂറോപ്പ് എന്നീ വൻകരകളിൽ ഉള്ള യെരുശലേം, ബാബിലോൺ, പേർഷ്യ, റോം, ടർക്കി, ഗ്രീസ് എന്നെ സ്ഥലങ്ങളിൽ ആയിരുന്നു എഴുത്തുകാർ.

ഗവർൺമെൻറ് ഉദ്യോഗസ്ഥർ, രാജാക്കന്മാർ, ഭരണാധിപന്മാർ, ആട്ടിടയന്മാർ, സൈനിക ഉദ്യോഗസ്ഥർ, ഡോക്ടർ, സാധാരണക്കാർ, തുടങ്ങി വ്യത്യസ്ത തൊഴിൽ മേഖലകളിൽ ഉള്ളവരായിരുന്നു എഴുത്തുകാർ. രാജകൊട്ടാരത്തിലും പ്രവാസത്തിലും ജയിലിലും ഏകാന്തവാസത്തിലും അങ്ങനെ വ്യസ്ത്യസ്ത സ്ഥലങ്ങളിൽ വച്ചാണ് ഓരോ പുസ്തകവും എഴുതിയത്.

പഴയ നിയമ പുസ്തകങ്ങൾ ഹീബ്രൂവിലും അരാമ്യയിലും പുതിയനിയമ പുസ്തകങ്ങൾ ഗ്രീക്കിലും ആയിരുന്നു എഴുതപ്പെട്ടത്. കളിമൺ ഫലകങ്ങളിലും പാപ്പിറസ് ചുരുളുകളിലും മൃഗത്തോലുകളിലും അവ എഴുതപ്പെട്ടു. മോശെക്കു ലഭിച്ച പത്ത് കല്പനകൾ ദൈവത്തിന്റെ സ്വന്തം കൈപ്പടയിൽ കല്പലകകളിലാണ് എഴുതപ്പെട്ടത് എന്ന് ബൈബിളിൽ കാണുന്നു.

സാഹിത്യം, ചരിത്രം, ജീവചരിത്രം, കാവ്യം, സംഗീതം, പ്രവചനം എന്നിങ്ങനെ നിരവധി രൂപങ്ങളിൽ ബൈബിൾ പുസ്തകങ്ങളുടെ ഉള്ളടക്കം ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഇന്ന് കാണുന്നതുപോലെ അദ്ധ്യായങ്ങളും വാക്യങ്ങളും അവയ്ക്ക് ഇല്ലായിരുന്നു. പിന്നീടാണ് അങ്ങനെ തിരിക്കപ്പെട്ടത്.

ബൈബിളിന്റെ രചനയിൽ എഴുത്തുകാരെ നിയോഗിച്ചതും പ്രേരണ നൽകി നയിച്ചതും ദൈവത്തിന്റെ ആത്മാവായിരുന്നു. ബൈബിളിന്റെ അധികാരികതയും വിശ്വാസ്യതയും കാരണമായിരിക്കുന്നത് ദൈവനിശ്വസ്തത എന്ന ഈ പ്രത്യേകതയാണ്. അതുകൊണ്ടാണിതിനെ ദൈവനിശ്വസ്തമായ തിരുവെഴുത്തുകൾ അഥവാ ദൈവ വചനം എന്ന് വിളിക്കുന്നത്.

വ്യത്യസ്തമായ കാലഘട്ടങ്ങളിൽ വ്യസ്ത്യസ്തരായ സ്ഥലങ്ങളിൽ ഇരുന്നുകൊണ്ട് വ്യത്യസ്തരായ എത്തുകാരാൽ രചിക്കപ്പെട്ട ബൈബിളിന്റെ പുസ്തകങ്ങൾ തമ്മിൽ ഉള്ളടക്കത്തിൽ ഉള്ള സാമ്യവും ഒരുമയും ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. വേദപുസ്തക രചനയ്ക്ക് പിന്നിലെ ദൈവത്തിന്റെ ആത്മാവിന്റെ പ്രവർത്തനത്തെ ഇത് സാക്ഷ്യപ്പെടുത്തുന്നു.

ദൈവാത്മ പ്രേരിതമായ എഴുത്തുകൾ ആണ് ബൈബിൾ



ബൈബിളിലെ ഓരോ പുസ്തകങ്ങളും എഴുതപ്പെട്ട ഏകദേശ കാലഘട്ടവും സ്ഥിരീകരിക്കപ്പെട്ടിട്ടുള്ള എഴുത്തുകാരുടെ പേരും ഉള്ളടക്കം അനുസരിച്ചുള്ള വിഭജനവും ചാർട്ടിൽ നിന്നും മനസിലാക്കാം.

# "നിർമ്മിതബുദ്ധി ബൈബിളിനെ മാറ്റി എഴുതും" - ഹരാരി

എ. ഐ ടെക്നൊളജിക്ക് മതഗ്രന്ഥങ്ങളെ കാലഘട്ടത്തിനു അനുസരിച്ചു പുതുക്കിയെഴുതാൻ സാധിക്കും എന്ന് യിസ്രായേൽ എഴുത്തുകാരൻ യുവാൻ നോവ ഹരാരി.



കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ ഏറ്റവും വികസിച്ചുകൊണ്ടിരിക്കുന്ന മേഖലയാണ് ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് (നിർമ്മിത ബുദ്ധി). മനുഷ്യ മസ്തിസ്കം ചിന്തിക്കുന്നതുപോലെ തന്നെ കമ്പ്യൂട്ടറുകൾക്ക് ചിന്തിക്കാൻ കഴിയുന്ന സാങ്കേതികവിദ്യാണിത്. മനുഷ്യസഹായമില്ലാതെ തന്നെ സ്വതന്ത്രമായി പ്രവർത്തിക്കാൻ യന്ത്രങ്ങളെ പ്രാപ്തമാക്കുന്നു. നാം ഉപയോഗിക്കുന്ന സോഷ്യൽ മീഡിയ അടക്കമുള്ള പ്ലാറ്റുഫോമുകളിൽ നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിൽ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനു എ.ഐ ക്യാമറകൾ ഉപയോഗിച്ച് തുടങ്ങിയത് ഈ അടുത്താണല്ലോ.

കാലഹരണപ്പെട്ടതും ആധുനിക സമൂഹത്തിനു അംഗീകരിക്കാൻ സാധിക്കാത്തതുമായ ആശയങ്ങളെ പരിഷ്കരിച്ചുകൊണ്ടു എല്ലാവർക്കും സ്വീകാര്യമായ നിലയിൽ ബൈബിളിനെ മാറ്റി എഴുതാൻ പോലും നിർമ്മിത ബുദ്ധിക്ക് കഴിയും എന്നാണ് ഹരാരി ഒരു അഭിമുഖത്തിൽ പറഞ്ഞത്.

ഇത്തരത്തിൽ നടത്തുന്ന ഏതൊരു മാറ്റവും ശുദ്ധജല നീരുറവയിൽ വിഷം കലർത്തി ജലാശയം മൊത്തം വിഷലിപ്തമാകുന്നതുപോലെയാകും. പരിശുദ്ധമായ ദൈവത്തിന്റെ വചനം മലിനമാക്കി മനുഷ്യരെ ദൈവത്തിൽ നിന്നും അകറ്റുക എന്ന ലക്ഷ്യം മാത്രമാണ് ഇത്തരത്തിൽ ഉള്ള നീക്കങ്ങൾക്കു പിന്നിൽ എന്ന് അനുമാനിക്കാം. യുവാൻ ഹരാരിയുടെ പശ്ചാത്തലവും ഇതിനു പിന്തുണയേകുന്നു.

ബൈബിൾ ദൈവവചനം ആയതുകൊണ്ട് മനുഷ്യൻ പാലിക്കേണ്ട ആത്മീയ-ധാർമ്മിക നിയമങ്ങളെക്കുറിച്ച് ദൈവത്തിന്റെ കാഴ്ചപ്പാട് വ്യക്തമായി പഠിപ്പിക്കുന്നു. ആധുനിക സമൂഹം അംഗീകരിക്കുന്നതും അനുവദിക്കുന്നതും ആസ്വദിക്കുന്നതുമായ പല കാര്യങ്ങളും ബൈബിൾ പാപമായി കണക്കാക്കുന്നു. അവയ്ക്ക് ശിക്ഷാവിധി ഉണ്ടെന്നും പ്രഖ്യാപിക്കുന്നു. അതുകൊണ്ടു തന്നെ ദൈവത്തിന്റെ ആസ്തിക്യം നിഷേധിക്കുന്ന യുക്തിവാദികളും സ്വതന്ത്ര ചിന്തകളും നേതൃത്വം നൽകുന്ന ആധുനിക സമൂഹത്തിലെ രാഷ്ട്രീയ-സാമൂഹിക മുഖ്യധാരാ പ്രസ്ഥാനങ്ങൾ ബൈബിളിനെ ശത്രുവായി കാണുന്നത് പുതുമയല്ല.

ദൈവത്തെ മനുഷ്യജീവിതത്തിന് പുറത്താക്കിക്കളഞ്ഞു പകരം സാത്താന്യമായ മൂല്യങ്ങളും ആരാധനയും ലോകമെമ്പാടും പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ലോകത്താണ് നാം ജീവിക്കുന്നത്. നിത്യവും വിശുദ്ധവുമായ ദൈവവചനത്തെ അതെ പരിപാവനതയോടുകൂടെ കൈകാര്യം ചെയ്യുവാനും സംരക്ഷിക്കുവാനും ലോകത്തിനു പരിചയപ്പെടുത്തുവാനും ദൈവമക്കളായ നമുക്ക് ഉത്തരവാദിത്തം ഉണ്ട്.

# പഴയനിയമം

| പുസ്തകം | എഴുത്തുകാരൻ | കാലഘട്ടം (BC) | വിഭജനം |
|---|---|---|---|
| 1. ഉല്പത്തി | മോശെ | 1446 | ന്യായപ്രമാണം (പഞ്ചഗ്രന്ഥങ്ങൾ) |
| 2. പുറപ്പാടു | മോശെ | 1405 | |
| 3. ലേവ്യപുസ്തകം | മോശെ | 1405 | |
| 4. സംഖ്യാപുസ്തകം | മോശെ | 1405 | |
| 5. ആവർത്തനപുസ്തകം | മോശെ | 1405 | |
| 6. യോശുവ | യോശുവ | 1380 | ചരിത്രം |
| 7. ന്യായാധിപന്മാർ | ശമുവേൽ | 1050 | |
| 8. രൂത്ത് | ശമുവേൽ | 1050 | |
| 9. 1. ശമൂവേൽ | ശമുവേൽ (?) | 1010 | |
| 10. 2. ശമൂവേൽ | നാഥാൻ (?) | 970 | |
| 11. 1. രാജാക്കന്മാർ | യിരെമ്യാവ് | 580 | |
| 12. 2. രാജാക്കന്മാർ | യിരെമ്യാവ് | 580 | |
| 13. 1. ദിനവൃത്താന്തം | എസ്രാ | 440 | |
| 14. 2. ദിനവൃത്താന്തം | എസ്രാ | 440 | |
| 15. എസ്രാ | എസ്രാ | 440 | |
| 16. നെഹെമ്യാവു | നെഹെമ്യാവ് | 420 | |
| 17. എസ്ഥേർ | മൊർദ്ദെഖായി (?) | 440 | |
| 18. ഇയ്യോബ് | എലീഹു (?) | 2000 | കാവ്യം |
| 19. സങ്കീർത്തനങ്ങൾ | (പലർ) | 1450–430 | |
| 20. സദൃശവാക്യങ്ങൾ | ശലോമോൻ | 935 | |
| 21. സഭാപ്രസംഗി | ശലോമോൻ | 935 | |
| 22. ഉത്തമഗീതം | ശലോമോൻ | 965 | |
| 23. യെശയ്യാവു | യെശയ്യാവ് | 685 | പ്രവചനം — വലിയ പ്രവാചകന്മാർ |
| 24. യിരെമ്യാവു | യിരെമ്യാവ് | 585 | |
| 25. വിലാപങ്ങൾ | യിരെമ്യാവ് | 585 | |
| 26. യെഹെസ്കേൽ | യെഹെസ്കേൽ | 573 | |
| 27. ദാനീയേൽ | ദാനിയേൽ | 530 | |
| 28. ഹോശേയ | ഹോശേയ | 755 | പ്രവചനം — ചെറിയ പ്രവാചകന്മാർ |
| 29. യോവേൽ | യോവേൽ | 800 | |
| 30. ആമോസ് | ആമോസ് | 760 | |
| 31. ഓബദ്യാവു | ഓബദ്യാവു | 845 | |
| 32. യോനാ | യോനാ | 780 | |
| 33. മീഖാ | മീഖാ | 725 | |
| 34. നഹൂം | നഹൂം | 655 | |
| 35. ഹബക്കൂക് | ഹബക്കൂക് | 620 | |
| 36. സെഫന്യാവു | സെഫന്യാവു | 625 | |
| 37. ഹഗ്ഗായി | ഹഗ്ഗായി | 520 | |
| 38. സെഖര്യാവു | സെഖര്യാവു | 518 | |
| 39. മലാഖി | മലാഖി | 430 | |




പുതിയനിയമം

| | പുസ്തകം | എഴുത്തുകാരൻ | കാലഘട്ടം (AD) | വിഭജനം |
|---|---|---|---|---|
| 1. | മത്തായി | മത്തായി | 67 AD | |
| 2. | മർക്കോസ് | മർക്കോസ് | 66 AD | |
| 3. | ലൂക്കൊസ് | ലൂക്കൊസ് | 63 AD | സുവിശേഷം |
| 4. | യോഹന്നാൻ | യോഹന്നാൻ | 85 AD | |
| 5. | അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ | ലൂക്കൊസ് | 64 AD | ചരിത്രം |
| 6. | റോമർ | പൗലോസ് | 57-58 AD | |
| 7. | 1. കൊരിന്ത്യർ | പൗലോസ് | 57 AD | |
| 8. | 2. കൊരിന്ത്യർ | പൗലോസ് | 57 AD | |
| 9. | ഗലാത്യർ | പൗലോസ് | 55 AD | |
| 10. | എഫെസ്യർ | പൗലോസ് | 62-63 AD | |
| 11. | ഫിലിപ്പിയർ | പൗലോസ് | 62-63 AD | |
| 12. | കൊലൊസ്സ്യർ | പൗലോസ് | 62-63 AD | |
| 13. | 1. തെസ്സലൊനീക്യർ | പൗലോസ് | 52-53 AD | |
| 14. | 2. തെസ്സലൊനീക്യർ | പൗലോസ് | 52-53 AD | |
| 15. | 1. തിമൊഥെയൊസ് | പൗലോസ് | 65 AD | |
| 16. | 2. തിമൊഥെയൊസ് | പൗലോസ് | 66 AD | ലേഖനം |
| 17. | തീത്തൊസ് | പൗലോസ് | 65 AD | |
| 18. | ഫിലേമോൻ | പൗലോസ് | 62-63 AD | |
| 19. | എബ്രായർ | ? | 67 AD | |
| 20. | യാക്കോബ് | യാക്കോബ് | 50 AD | |
| 21. | 1. പത്രൊസ് | പത്രൊസ് | 67-68 AD | |
| 22. | 2. പത്രൊസ് | പത്രൊസ് | 67-68 AD | |
| 23. | 1. യോഹന്നാൻ | യോഹന്നാൻ | 90-95 AD | |
| 24. | 2. യോഹന്നാൻ | യോഹന്നാൻ | 90-95 AD | |
| 25. | 3. യോഹന്നാൻ | യോഹന്നാൻ | 90-95 AD | |
| 26. | യൂദാ | യൂദാ | 68 AD | |
| 27. | വെളിപ്പാടു | യോഹന്നാൻ | 94-95 AD | പ്രവചനം |

(തുടരും)

# அழகின் இரகசியம்



"அந்தச் சகோதரி ரொம்ப அழகாக இருப்பார்கள்" என ஒருவரை நாம் அடையாளப்படுத்தும்போது, அவர்களுடைய வெளித்தோற்றத்தைப் பற்றியே பேசிக் கொள்கிறோம். "அலங்கரித்தல்" என்றாலே, பலவகையான முகச் சாயங்களைக் கொண்டு நம்மை அழகுபடுத்திக் கொள்வதும் விதவிதமான Costumes, Cosmetics இவையே நம்முடைய நினைவுக்கு வருகின்றன. பல Skin Care hositals இன்றைய நாட்களில் பெருகி வருகிறது. இளம் வாலிபர்களால் இணையதளத்தில் அதிகமாக தேடப்படும் ஒரு விஷயமே இந்த "Beauty tips".



Marilyn
Bose Ponraj

அழகு என்பது தோற்றத்தை அல்ல, அது குணத்தை குறிக்கக்கூடியது. தோற்றம் என்பது மாறக்கூடியதும் அழியக்கூடியதுமாய் இருக்கிறது. ஆனால் குணமோ வளர்ச்சியடையக் கூடியதும் தேவனுடைய பார்வையில் மிகவும் விலையேறப் பெற்றதுமாயிருக்கிறது.

## கீழ்ப்படிதல் என்னும் அலங்காரம்

மனைவிகள் தங்கள் புருஷர்களிடம் கீழ்ப்படிதல் என்னும் குணத்தைக் காட்டுவது தேவனை மகிழ்ச்சியூட்டக்கூடியதாய் இருக்கிறது. இதனையே 1 பேதுரு 3:5 -ஆம் வசனம் கூறுகிறது. தேவனிடத்தில் நம்பிக்கையாயிருந்த பழைய ஏற்பாட்டு ஸ்திரீகள் தங்கள் புருஷர்களுக்கு கீழ்ப்படிந்து தங்களை அலங்கரித்தார்கள். வேறொரு மொழிபெயர்ப்பு இவ்வாறு கூறுகிறது:

"அவர்கள் தங்கள் கணவன்மாரின் அதிகாரத்தை ஏற்றுக்கொண்டனர். இவ்வாறாகவே அவர்கள் தங்களை அழகுபடுத்திக்கொண்டார்கள்.

## கீழ்ப்படிதலின் முன்மாதிரி கிறிஸ்து

பல தேசங்களில் சிதறியிருக்கிற பாடுபடும் கிறிஸ்தவர்களுக்கு தனது முதல் நிருபத்தை எழுதும் பேதுரு, "குற்றஞ்செய்து அடிக்கப்படும்போது பொறுமையோடே சகிப்பதைவிட, நன்மை செய்து பாடுபடும்போது பொறுமையோடு சகிப்பதே தேவனுக்கு சந்தோஷத்தைக் கொடுக்கும்" என்கிறார். 1 பேதுரு 2:20

இங்கு பாடு அனுபவித்த நம் நேசரை நமக்கு முன்மாதிரியாகக் காட்டுகிறார். "வையப்படும்போது பதில் வையாமலும், பாடுபடும்போது பயமுறுத்தாமலும் நியாயமாய்த் தீர்ப்பு செய்கிறவருக்குத் தம்மை ஒப்புவித்த..." நேசரை முன்மாதிரியாகக் காட்டி விட்டு மனைவிகளே இப்படியாகவே ("அந்தப்படியே" 1 பேதுரு 3:1) உங்கள் சொந்தப் புருஷர்களுக்கு கீழ்ப்படியுங்கள் என ஆலோசனை கொடுக்கிறார்.

## கீழ்ப்படிந்து அலங்கரித்துக் கொண்ட சாராள்

நம் நேசருடைய தாழ்மையான பாடுபடுதலை தனது இரண்டாம் அதிகாரம் இறுதிப்பகுதியில் கூறிவிட்டு மூன்றாம் அதிகாரம் துவக்கத்தில் மனைவிகளின் கீழ்ப்படிதலை எழுதும் பேதுரு விதவிதமான சிகை அலங்காரமோ, பொன் ஆபரங்களையோ, விலையேறப்பெற்ற வஸ்திரங்களை அணிந்து கொள்ளுதலோ உண்மையான அலங்கரிப்பு அல்ல என்றும், சாந்தமும் அமைதலுமுள்ள ஆவியாகிய இருதயத்தில் மறைந்திருக்கிற குணமே உங்களுக்கு உண்மையான அலங்கரிப்பு எனவும் அதுவே தேவனுடைய பார்வையில் மிகவும் உயர்ந்த மதிப்புள்ளது என எழுதுகிறார். அந்நேரத்தில் பழைய ஏற்பாட்டு ஸ்திரீகளைப் பற்றி பரிசுத்த ஆவியானவர் குறிப்பிடுகிறார். குறிப்பாக சாராளுடைய கீழ்ப்படிதல் மூலம் நமக்கு நல்ல பாடங்களைக் கற்றுக் கொடுக்கிறார். "சாராள் தன் கணவனை ஆண்டவனே (Lord, எஜமான் ஆதி. 18:12) என அழைத்து அவனுக்குக் கீழ்ப்படிந்திருந்தாள்" என வாசிக்கிறோம். ஆபிரகாமுக்கு சாராள் அடிமைப் பெண் அல்ல, ஆபிரகாமோடு ஒரே சரீரமான வாழ அழைக்கப்பட்டவளே. ஆனால் தேவன்,

» 25

# His Footsteps our Pathway



Asha Chandy Alexander

..and your ears shall hear a word behind you, saying, "This is the way, walk in it," when you turn to the right or when you turn to the left.

It was an uneventful journey, with the usual qualms of life and then, suddenly I found myself on a crossroad, which led to 2 different gates. This is a scenario every child of God will face at least once in their life. So, then which way should we choose? We may find ourselves asking or even wondering how to choose the right way. In this, let the word of God be our guide so that His footsteps will be our pathway (Psalms 18:36)

The word of God mentions about these 2 gates in Matthew 7:13,14. The first one is "The Wide gate", chosen by many, for the way is wide and it has very tempting choices. But it will lead to destruction. And the second gate is the "Narrow Gate", chosen by very few, for the way is

very narrow and the pathway is difficult. But it will lead to life. As believers, the keystone that will help us to choose the right way and stay on it is, the Bible. For that to happen we need to have a daily "alone time "with our Heavenly Father, in the form of reading Bible and prayer.

When we find ourselves travelling along the narrow and difficult pathway, the enemy will try his best to make us stray away, thus making us sin. That is when our," Daily alone time" will be our guide. The word of God emphasizes this in Psalms 119: 105, for It says "Your word is a lamp for my feet, a light on my path. The personal time with God will also help us to hide His word in our heart, to not sin. (Psalms 119:11) A foundation that is built in the word of God will not fall when the enemy, throw his fiery darts. (Mat 7:24, Eph 6:16)

The narrow path comes with its fair share of difficulties. We may find ourselves to be alone. If so, then we have someone who has called us His friend, He has promised to be with us always, never leaving our side. This friend, has laid down his life for us. For there can be no greater love or reason to stay on the path. But if we don't have an alone time with God, we will fail to hear His voice as it says in Isaiah 30:21, and your ears shall hear a word behind you, saying, "This is the way, walk in it," when you turn to the right or when you turn to the left. And so, will stray away from the right path.

To stay on the narrow path means to be hated by the world. He assures us in John 15:18 that, if the world hates you, know that it has hated me before it hated you. He has chosen us out of the world, so we will be hated by this world. (John 15:15,19) He has chosen us and appointed us to bear fruit for Him and unless we abide in Him and His word, we cannot bear fruit for Him.

(John 15:4) May we choose to stay in the narrow path, and bear much fruits for our Saviour.

Dear sisters, the word of God reminds us to be beware, about how relentless the enemy is, as he is not taking even a break. For it says in Job 1:7, "I have been wandering around the earth, going back and forth in it. May God help each one of us to be faithful in our calling, with the word of God as our foundation, to make sure to have alone time with God every day, to choose the narrow way and stay on it, so that we will get to hear from our friend "well done, good and faithful servant! You have been faithful with a few things; I will put you in charge of many things. (Matthew 25:23) May His name be glorified.

21 »

## அழகின் இரகசியம்

தன் கணவருக்கு கொடுத்திருக்கும் அதிகாரத்தை ஏற்றுக்கொண்டு பணிவுடன் நடந்துகொண்டாள்.

அன்பு சகோதரிகளே! நம்முடைய வாழ்க்கைத் துணையைக் காட்டிலும் ஒருவேளை நாம் அதிகக் கல்வி, வேத அறிவு, சமூக அந்தஸ்து உடையவர்களாக இருக்கலாம். ஆனால் வேதம் எக்காலத்திற்கும் உரிய சத்தியத்தையே பேசுகிறது.நம் சொந்தப் புருஷர்களுக்கு கிறிஸ்து, தாழ்மையோடு நியாயமாய் தீர்ப்புச் செய்கிற தேவனுக்கு தம்மை ஒப்புவித்து வாழ்ந்ததுபோல நாமும் ஒப்புவித்து வாழுவோம்.சாராளைப் போல நாமும் நம் சொந்த கணவன்மார்களுக்கு கீழ்ப்படிந்து நம்மை அலங்கரித்துக் கொள்வோம். நம்முடைய "அழகின் இரகசியத்தை" நம் வருங்கால தலைமுறைகள் கண்டு, அதன்படி தங்களை அலங்கரித்துக்கொள்ளட்டும்.

KRISTHEEYA SODARI

CHRISTIAN BI MONTHLY
July - August 2023




» സംഘർഷം അവസാനിക്കേണ്ടതിനായും സ്ഥിതിഗതികൾ നിയന്ത്രണവിധേയമാകേണ്ടതിനു വേണ്ടിയും.

» കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കായി.

» എല്ലാ ഗോത്രവിഭാഗങ്ങൾക്കു വേണ്ടിയും. ജനവിഭാഗങ്ങൾക്ക് സംഭവിച്ചിട്ടുള്ള നഷ്ടങ്ങൾ നികത്തപ്പെടേണ്ടതിനു വേണ്ടിയും പരസ്പരമുള്ള പ്രശ്നങ്ങൾ അവസാനിക്കേണ്ടതിനായും

» ആവശ്യസാധനങ്ങളുടെയും മരുന്നുകളുടെയും ക്ഷാമം, വിലവർദ്ധനവ്, സാമ്പത്തിക പ്രതിസന്ധി തുടങ്ങിയ തടസങ്ങൾ അതിജീവിച്ച് ജനജീവിതം സാധാരണനിലയിൽ എത്തേണ്ടതിനായി.

» കലാപം നിമിത്തം വിവിധ സ്ഥലങ്ങളിലേക്ക് പലായനം ചെയ്തവർക്കു വേണ്ടിയും മരിച്ചുപോയവരുടെ കുടുംബങ്ങൾക്കു വേണ്ടിയും.

» കലാപം നിമിത്തം വ്യക്തികൾ, കുടുംബങ്ങൾ, വീടുകൾ നഷ്ടപ്പെട്ടവർ, അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്നവർ എന്നിവർക്കു വേണ്ടി.

» അതിക്രൂരമായി പീഡനം നേരിടേണ്ടി വരുന്നതുനിമിത്തം പ്രതിസന്ധിയിലായിരിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി.

» സഹായഹസ്തവുമായി പോകുന്ന മനുഷ്യാവകാശ പ്രവർത്തകർ, വിവിധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവർക്കായി.

**സോദരി യൂട്യൂബിലും**
ക്രിസ്തീയ സോദരിയുടെ പ്രോഗ്രാമുകൾക്കും ഏറ്റവും പുതിയ ഗാനം കേൾക്കുന്നതിനും സോദരിയുടെ ചാനൽ സബ്സ്ക്രൈബ് ചെയ്യുന്നതിനും ചിത്രത്തിൽ ക്ലിക്ക് ചെയ്യുക.ചെയ്യുക.




To read, listen, share & download, visit:
www.sodari.in

Printed at Ebenezer Printpack, Thrissur. Edited, printed and published by: Lovely George, Pallickal House, Kariamplavu P.O, Koattanadu, Pathanamthitta - 689615. For private circulation only.